SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Sunilkumar R    Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-29/05/2022.

1. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വെണ്ട, തക്കാളി, വഴുതന, പാവൽ, കറിവേപ്പ്, പുതിന, വള്ളി ചീര, മുരിങ്ങ (അനുപമ) എന്നിവയുടെ തൈകൾ വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** എന്ന ഫോൺ നമ്പറിൽ ബന്ധപെടുക.

2. ലോക ക്ഷീരദിനാചരണത്തിന്റെയും ക്ഷീരവാരാചരണത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം ജൂൺ 1-ന് പകൽ 12 മണിക്ക് തിരുവനന്തപുരം, കോവളം, വെള്ളാർ കേരള ആർട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഇതിനോടനുബന്ധിച്ച് ശില്പശാലയും സംഘടിപ്പിച്ചിരിക്കുന്നു.

3. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് - AIF) നടപ്പിലാക്കുന്നു. ഈ പദ്ധതിയിലേക്ക് https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴി അപേക്ഷ നൽകാവുന്നതാണ്. സൂക്ഷ്മ കൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജൈവ ഉത്തേജന ഉത്പാദന യൂണിറ്റ് (വിത്തുൽപാദനം, ടിഷ്യൂകൾച്ചർ നേഴ്സറി), ജൈവവള ഉത്പാദനം, വിതരണ ശൃംഖലകളുടെ അടിസ്ഥാന സൗകര്യം, പാക്ക്ഹൗസ്, കാർഷിക പ്രാഥമിക പ്രവർത്തനങ്ങൾ (വൃത്തിയാക്കൽ, ഉണക്കൽ, തരംതിരിക്കൽ, ഗുണനിലവാരം അനുസരിച്ച് തരംതിരിക്കൽ), സംഭരണ കേന്ദ്രങ്ങൾ (വെയർഹൗസ്, സിലോസ്, കോൾഡ് സ്റ്റോറേജ്), ഇ-മാർക്കറ്റിംഗ് സൗകര്യമുള്ള വിതരണ ശൃംഖല, യോഗ്യതയുള്ള ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകളിൽ സോളാർ പാനൽ നിർമ്മാണം, റൈസ് ആന്റ് ഫ്ളോർ മിൽ, ഓയിൽ മിൽ, സുഗന്ധവ്യഞ്ജനങ്ങൾ പൊടിക്കുന്നത്, ശർക്കര/പഞ്ചസാര സംസ്കരണം എന്നീ പദ്ധതികൾക്ക് ഈ ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **916235277042**

**(തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട് കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479-2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ഉത്പാദിപ്പിക്കുന്ന വിവിധ ചിക്കൻ ഉത്പന്നങ്ങൾ വിൽക്കുന്നതിന് തിരുവനന്തപുരം നഗരത്തിലെ പ്രധാന സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന വിൽപ്പന കേന്ദ്രം ആരംഭിച്ചു. കെപ്കോ ഉത്പന്നങ്ങൾ സെക്രട്ടറിയേറ്റിൽ വൈകിട്ട് 3.30 മുതൽ 4 വരെയും വികാസ്ഭവനിൽ വൈകിട്ട് 4.15 മുതൽ 5.15 വരെയും വഴുതയ്ക്കാട് വൈകിട്ട് 5.30 മുതൽ 6 വരെയും ഓഫീസ് ജീവനക്കാർക്കും പൊതുജനങ്ങൾക്കും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000924, 9074893474** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നിന്നും 2022 വർഷത്തെ പാൽ കാർഡ് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് ഈ മാസം 31 (മേയ് 31) വരെ ഫാം ഓഫീസിൽ നിന്നും രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 വരെ നൽകുന്നതാണ്. ആവശ്യമുള്ളവർ റേഷൻ കാർഡുമായി നേരിട്ട് ഓഫീസിൽ എത്തണമെന്ന് തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം സൂപ്രണ്ട് അറിയിക്കുന്നു.

**പരിശീലന പരിപാടികൾ**

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും** ഈ മാസം 30-ന് (മെയ് 30) ഏകദിനപരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ജൂൺ 2-ന് **മുട്ടക്കോഴി വളർത്തൽ** എന്ന എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താത്പര്യമുള്ളവർ **0491–2815454** എന്ന ഫോൺ നമ്പരിലേക്ക് വിളിച്ചോ, **9188522713** എന്ന നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും** നാളെ (മെയ് 30) ഏകദിനപരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

10. കേരള കാർഷിക സർവകലാശാലയിലെ കാർഷിക ദുരന്തനിവാരണ സെല്ലും, ഗ്രാമീണ കൃഷി മൗസം സേവ തൃശ്ശൂരും സംയുക്തമായി മഴക്കാലത്തെ കാർഷിക വിളപരിപാലനത്തിനും, മൃഗസംരക്ഷണത്തിനുമായി കർഷകർക്കു നൽകുന്ന നിർദേശങ്ങൾ താഴെ ചേർക്കുന്നു

a) ജാതി: ഇലപൊഴിച്ചിൽ രോഗത്തിന് മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. രണ്ടാഴ്ചക്കുശേഷം മാത്രം സൂഡാമോണാസ് ലായനിയുപയോഗിച്ച് മണ്ണ് കുതിർക്കുക. കൂടാതെ ട്രൈക്കോ ഡെർമ സമ്പുഷ്ട ചാണകം വളർച്ചക്കനുസരിച്ച് ഓരോ ജാതിച്ചെടിയുടെയും ചുവട്ടിൽ രണ്ടര മുതൽ അഞ്ചു കിലോഗ്രാം വീതം ഇട്ടുകൊടുത്ത് മണ്ണിൽ നല്ലവണ്ണം ഇളക്കി ചേർക്കുക.

b) ഇഞ്ചി, മഞ്ഞൾ: വിളകളിൽ മൂടുചീയൽ രോഗത്തിനു മുൻകരുതലായി സൂഡാമോണാസ് ലായനിയിൽ മുക്കി നടുകയോ, സ്യൂഡാമോണാസ് ലായനി തടത്തിലൊഴിച്ചു കൊടുക്കുകയോ ചെയ്യുക.

c) പയറിന്റെ കരിവള്ളികേടിനു മുൻകരുതലായി സ്യൂഡോമോണാസ് ലായനി തളിച്ചു കൊടുക്കുകയോ, അല്ലെങ്കിൽ രണ്ടരഗ്രാം കോപ്പർ ഓക്സിക്ളോറൈഡ് ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ കലക്കി തളിച്ചു കൊടുക്കുകയോ ചെയ്യുക.

d) വെള്ളരിവർഗ്ഗ പച്ചക്കറികളിലെ മൃദുരോമ പൂപ്പ് രോഗത്തെ നിയന്ത്രിക്കാൻ രണ്ടര ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ കലക്കി ഇലകളുടെ അടിയിൽ പതിയത്തക്കവണ്ണം തളിക്കുക.

2) മൃഗ സംരക്ഷണത്തിനുള്ള നിർദേശങ്ങൾ:

കന്നുകാലിതൊഴുത്തും, പരിസരപ്രദേശങ്ങളും വെള്ളകെട്ടില്ലാതെ വൃത്തിയായി സംരക്ഷിക്കുന്നതുവഴി കന്നുകാലികളിൽ കാണുന്ന മഴക്കാലരോഗങ്ങൾ നിയന്ത്രിക്കാനാകും. കൂടാതെ കൊതുകു മുട്ടയിട്ടു പെരുകുന്നത് നിയന്ത്രിക്കാം. ചാണക കുഴികളിൽ മഴവെള്ളം നേരിട്ടു വീഴാതെ മൂടിവയ്ക്കുക. കാലിതീറ്റ പൂപ്പൽ വരാതിരിക്കാൻ വെയിലുള്ളപ്പോൾ ഉണക്കി മരത്തടിയുടെ മുകളിൽ വച്ചു സൂക്ഷിക്കുക. കോഴിക്കൂടുകൾ എപ്പോഴും ഈർപ്പരഹിതമാക്കി വയ്ക്കുന്നതു വഴി മഴക്കാലരോഗങ്ങളിൽ നിന്നും സംരക്ഷണം നൽകാം. കൂട്ടിൽ പുതിയ അറക്കപ്പൊടി ഉപയോഗിക്കുക. പഴയ അറക്കപ്പൊടി ഇടക്ക് ഇളക്കികൊടുക്കുക. പക്ഷി-മൃഗാധികൾക്ക് രോഗാണുവിമുക്തമാക്കിയ ശുദ്ധജലം ധാരാളം കുടിക്കാൻ കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം